**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 335** **01-07-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിലെ പ്രതീക്ഷിത വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിൽ പ്രതീക്ഷിച്ചിരുന്നതിൽ കൂടുതൽ വരുമാനം നേടുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയ അവസരത്തിൽ തന്നെ അത് നടപ്പാക്കുന്നതുമൂലം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന് കോമ്പൻസേഷൻ ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നോ; കേന്ദ്ര സർക്കാരിൽ നിന്നും നിലവിൽ ഈ ഇനത്തിൽ തുക ലഭ്യമാകുന്നുണ്ടോ; | (ബി) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്കു നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഈ പറഞ്ഞ 5 വർഷ കാലാവധി ജൂൺ 2022 ന് അവസാനിച്ചു. സംസ്ഥാനത്തിന് നാളിതു വരെ ജി.എസ്.ടി കോമ്പൻസേഷൻ ആയി 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. നിയമങ്ങൾക്കനുസൃതമായി നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി രാജ്യത്ത് ആദ്യമായി വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് ഈ രംഗത്തെ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ജി.എസ്.ടി നിയമങ്ങൾക്കനുസൃതമായി നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ സമഗ്രമായി പുന:സംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് നേട്ടമായി കണക്കാക്കുന്നു.<br><br>പുന:സംഘടനയെ തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവ്വീസസ് എന്നീ പ്രധാന വിഭാഗങ്ങളിലായി പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാർക്ക് പ്രസ്തുത |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന് അനുസൃതമായ രീതിയിൽ മികച്ച പരിശീലനം നല്കിവരുന്നതിലൂടെ നികുതി ദായകർക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയ്ക്കു ശേഷം രജിസ്ട്രേഷൻ സംവിധാനം ഏകീകൃതമാക്കിയതിലൂടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കാനും സാധിച്ചിട്ടുണ്ട്.<br><br>ആധുനിക സാങ്കേതിക വിദ്യകളടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയ വിദഗ്ദ്ധ പരിശീലനം നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കാൻ സഹായിച്ചിട്ടുണ്ട്.<br><br>പുന:സംഘടനയിലൂടെ പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗം നികുതി ചോർച്ച കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന നികുതിദായകരെ ജി.എസ്.ടി നിയമം അനുശാസിക്കുന്ന രീതിയിൽ ഓഡിറ്റ് നടത്തുന്ന സംവിധാനം നികുതി ചോർച്ച കണ്ടെത്തുന്നതിനു കൂടുതൽ സഹായകമാകുന്നുണ്ട്.<br><br>ഇപ്രകാരം വകുപ്പിന്റെ പ്രവർത്തനങ്ങളെ സ്പെഷ്യലൈസ് ചെയ്യുന്നതിനും ജീവനക്കാരുടെ അതതു പ്രവർത്തന മേഖലകളിലെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും പുന:സംഘടനയിലൂടെ സാധ്യമാക്കിയത് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ ഫലപ്രദമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(തുക കോടിയിൽ)

*Provisional

| സാമ്പത്തിക വർഷം | ജി.എസ്.ടി ബജറ്റ് എസ്റ്റിമേറ്റ് /പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | ജി.എസ്.ടി നികുതി വരുമാനം | കൈവരിച്ച ശതമാനം | നോൺ ജി.എസ്.ടി ബജറ്റ് എസ്റ്റിമേറ്റ് /പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | നോൺ ജി.എസ്.ടി നികുതി വരുമാനം * | കൈവരിച്ച ശതമാനം |
|---|---|---|---|---|---|---|
| 2021-22 | 24351.25 | 23985.29 | 98.50 | 22963.31 | 22446.05 | 97.75 |
| 2022-23 | 30238 | 29195.3 | 96.55 | 24965.07 | 26775.01 | 107.25 |
| 2023-24 | 32595.78 | 30944.48 | 94.93 | 27889.33 | 27626.61 | 99.06 |
| 2024-25 (മെയ് 2024 വരെ) | 35874.63 | 5546.42 | 15.46 | 30267.72 | 2711.07 | 8.96 |

സെക്ഷൻ ഓഫീസർ